# തൊണ്ടി സാധനം

പ്രസ്തുത കളവ് അവന്റെ ജീവിതത്തിന്റെ സന്തുലിതാവസ്ഥയെ തന്നെ മാറ്റിമറിച്ചു.

അവൻ അത്രവലിയ മോഷ്ടാവോ, ഇതേ വരെ പിടിക്കപ്പെട്ടവനോ ആയിരുന്നില്ല. അവനും അമ്മക്കും ജീവിക്കാൻ വേണ്ടതു മാത്രമേ ഇതേവരെ മോഷ്ടിച്ചിട്ടുള്ളൂ.അതും ഒരിക്കൽ കിട്ടുന്നത് ചെലവഴിച്ച് തീർന്നതിനുശേഷം അടുത്തതു ചെയ്യുന്നു, കഴിഞ്ഞ നാലു വർഷമായിട്ട്.

അവൻ ജന്മനാ ഒരു മോഷ്ടാവൊന്നുമായിരുന്നില്ല, പാരമ്പര്യവുമില്ല.ഈരുപത്തിയൊന്നുവയസ്സുവരെ അമ്മ കൂലി വേല ചെയ്താണ് കഴിഞ്ഞിരുന്നത്, അവൻ ഡിഗ്രി വരെ പഠിച്ചതും. വലിയ ജോലി സാദ്ധ്യതകളൊന്നുമില്ലാത്ത ബി. എ ഇക്കണോമിക്സ്കാരൻ കുറെ ടെസ്റ്റുകളും ഇന്റർവ്യൂകളും തരണം ചെയ്തതുമാണ്. ജീവിക്കാനായിട്ട് ഒരു ജോലി കിട്ടാതെ വന്നപ്പോൾ..................

ആവശ്യത്തിൽ കൂടുതലുള്ളവരുടെ പക്കൽ നിന്നും അത്യാവശ്യം വേണ്ടതു മാത്രം അവനെടുത്തു, കൂട്ടുകാരോ സംഘമോ ഇല്ലാതെ.

തൊഴിൽ ചെയ്തു വരവെ മോഷണം ഒരു കലയാണെന്ന് അവൻ തിരിച്ചറിഞ്ഞു. ആ കലയിൽ പുതുപുത്തൻ ആശയങ്ങൾ പ്രയോഗിക്കുകയും വിജയിക്കുകയും ചെയ്തു വന്നു.

അങ്ങിനെ അവനാ മണിസൗധത്തിൽ കയറി.

ഏറെ നാളത്തെ നിരീക്ഷണത്തിനുശേഷം, കനപ്പട്ടതെന്തെങ്കിലും കരസ്ഥമാകുമെന്നുകരുതി..................

മുകളിലത്തെ നിലയിലെത്താൻ അവരുടെ തന്നെ ഗോവണിയുപകരിച്ചു.

ടോയിലറ്റിലേക്കുള്ള വാതായനത്തിന്റെ ഗ്ലാസ്സ്കട്ട് ചെയ്തു, കമ്പിയഴികളെ മുറിച്ചകറ്റി, മുറിയിലേക്കിറങ്ങുന്ന വാതിലിനെ തിക്കിത്തുറന്ന്, അടുക്കളയിൽ നിന്നും പിന്നാമ്പുറത്തേക്കുള്ള വാതിൽ സുരക്ഷിതത്തിനായി തുറന്നിട്ട്..............

നേരം പുലരാൻ മൂന്നുനാല് മണിക്കൂറുകൾ അവശേഷിക്കവെ,

മുതലിനായി പരതി നടന്നു.

ചാരിക്കിടന്നിരുന്ന ഒരു വാതിൽ തുറന്ന് അകത്തു കടന്നപ്പോൾ അവൻ സ്തംഭിച്ചു പോയി.

മുറിയിൽ, കട്ടിലിൽ, മെത്തയിൽ സുതാര്യമായ ഒരൊറ്റ മേൽവസ്ത്രത്തിൽ അതിസുന്ദരിയായൊരു പെൺകുട്ടി.

ഹോളിവുഡ്ഡിലെ മെർലിൻ മൻട്രോയേക്കാൾ,

എലിസബത്ത് ടെയിലറിനേക്കാൾ,

ടെന്നീസ്ക്കോർട്ടിലെ അന്നാ കുർണിക്കോവേക്കാൾ,

ബോളീവുഡ്ഡിലെ ഐശ്വര്യ റായിയേക്കാൾ സുന്ദരിയായ.........

ഇരുപതു വയസ്സുള്ളൊരു.........

അവന് ചലിക്കാൻ കഴിയാതെ, ശബ്ദിക്കാൻ കഴിയാതെ നിമിഷങ്ങൾ......

അവന്റെ കർത്തവ്യം പോലും വിസ്മരിച്ച്......

വിസ്മൃയിൽ നിന്നുണർന്നപ്പോൾ അവന് വേറൊന്നും മോഷ്ടിക്കാൻ തോന്നിയില്ല.

അവിടെനിന്നു കിട്ടിയൊരു ബ്ലാങ്കറ്റിൽ തന്നെ അവളെ പൊതിഞ്ഞ്, പുറത്തേറ്റി കടന്നു.

അന്ന് ബാക്കിയുള്ള രാത്രിയിലും പിറ്റേന്ന് പകലും അവന്റെ ബഡ്സ് റൂമിൽ അവൾ ശാന്തമായുറങ്ങി.

സുതാര്യമായ മേൽ വസ്ത്രം കൂടാതെ രണ്ട് കട്ടികൂടിയ പുതപ്പിനാൽ അവളെ പുതപ്പിച്ചു; അവന് സ്വന്തം നിയന്ത്രണങ്ങളെ വിശ്വാസമില്ലായിരുന്നു.

ഉണർന്ന അവൾ ഞെട്ടുകയോ, ഭയക്കുകയോ ചെയ്തില്ല. അവന്റെ മുഖത്ത് നിസസ്സംഗതയോടെനോക്കി.........

അവളുടെ മേലുള്ള പുതപ്പ് കണ്ടു

“എന്തിനാണിത ്?”

അവൻ പറഞ്ഞു.

“എന്റെ ധൈര്യത്തിന്”

അപ്പോഴാണവൾ മുറിയാകെ കണ്ടത്.

“ഞാനെവിടെയാണ്, ആരാണ് നിങ്ങൾ? എന്തിനാണിവിടെ കൊണ്ടു വന്നത്?”

“ഞനൊരു കള്ളനാണ്. നിന്നെ മോഷ്ടിച്ച് ഈ എന്റെ വീട്ടിൽ കൊണ്ടു വന്നതാണ്.”

“ങേ!”

അവൾ ഞെട്ടിയതപ്പോളാണ്.

“നിങ്ങൾ എന്നെ.............!?”

“അതെ ഞാൻ തന്നെ.”

അവൾ ഇമകൾ വെട്ടാതെ അവനെ നോക്കിക്കൊണ്ട് കട്ടിലിൽ നിന്നും എഴുന്നേറ്റു. പുതപ്പുകൾ ഊർന്നിറങ്ങി അവൾ സുതാര്യമായ ഉടുപ്പിൽ മാത്രമായി. അവൾക്കതിൽ ഒന്നും തോന്നിയില്ല.

“നിങ്ങൾക്കെന്നെ എന്തിനാണ്?”

“എനിക്ക് നിന്നെ വേണം. എന്റേതാക്കാൻ. എന്റേതു മാത്രമാക്കാൻ......”

പെട്ടന്നവൾ പൊട്ടിച്ചിരിച്ചു. ചിരിച്ച് ചിരിച്ച് കുഴഞ്ഞവൾ കട്ടിലിൽ ഇരുന്നു.

“നിങ്ങളുടെ മാത്രമോ... ഞാനാരെന്ന് നിങ്ങൾക്കറിയുമോ...ഈ ലോകത്തെ ലക്ഷക്കണക്കിന്.... അല്ല കോടിക്കണക്കിന് പുരുഷന്മാരുടെ സ്വന്തമാണു ഞാൻ..... മോഹങ്ങളാണ്, സ്വപ്നങ്ങളാണ്....വിവരസാങ്കേതിക വിദ്യയുടെ അപാരമായ സാദ്ധ്യതയായ വെബിലൂടെ അവരെല്ലാമെന്നെകാണുന്നു, അറിയുന്നു, നുകരുന്നു,മുകരുന്നു, ആസ്വദിക്കുന്നു... ഒരുപക്ഷെ, നിങ്ങളെന്നെ മോഷ്ടിക്കുമ്പോഴും അവരെന്നെ കാണുകയായിരുന്നിരിക്കണം. മയക്കു മരുന്നിൽ മയങ്ങിമറന്ന് ഉറങ്ങുന്ന ഒരു പെണ്ണിനെ......”

അവനിൽ ഒരു ഞെട്ടൽ, വിറയൽ........ പെട്ടന്ന് ഉള്ളിലുണർന്നൊരു ഭീതിയിൽ കൂടുതൽ വികസിച്ച കണ്ണുകളാൽ അവളുടെ കണ്ണുകളിൽ തന്നെ നോക്കിനിന്നു.

"നിങ്ങൾക്കറിയുമോ....അതോരു കൊട്ടാരമാണ്. ഒരുപാട്ചാരന്മാരും പടയാളികളും രാജാവുമുള്ള ഒരു സാമ്രാജ്യം.അവരുടെയെല്ലാം കണ്ണുകൾ വെട്ടിച്ച്.... ഒരുപക്ഷെ, നിങ്ങളുടെ ഈ അടഞ്ഞു കിടക്കുന്ന വാതിലിന് പുറത്തും അവരുടെ കണ്ണുകളുണ്ടാവും...."

അടുത്തനിമിഷം അവന്റെ വീടിന്റെ കോളിംഗ് ബെൽ മുഴങ്ങി, ഒരിക്കലല്ല, പല പ്രാവശ്യം. പിന്നീട് കേട്ടത് വാതിൽ വെട്ടിപ്പൊളി ക്കുന്ന ശബ്ദമാണ്.

@@@@@@@@